**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 268** **27-01-2026 - ൽ മറുപടിയ്ക്ക്**

**യുനാനി, സിദ്ധ ബിരുദധാരികൾക്ക് ആയുഷ് വിഭാഗത്തിന്റെ സംവരണ ക്വാട്ടയിൽ എം.ബി.ബി.എസ്. പ്രവേശനം .**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | യുനാനി, സിദ്ധ ബിരുദധാരികളെയും എം.ബി.ബി.എസ്. പ്രവേശനത്തിലെ ആയുഷ് വിഭാഗത്തിന്റെ പ്രത്യേക റിസർവേഷനിൽ ഉൾപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും നിലവിലുള്ള സീറ്റുകളുടെ എണ്ണം ഉയർത്തിയിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലേയ്ക്കുള്ള എം.ബി.ബി.എസ് പ്രവേശനത്തിനുള്ള പ്രോസ്പെക്ടസ് (KEAM) വ്യവസ്ഥകൾ പ്രകാരം ആയുർവേദ, ഹോമിയോപ്പതി ബിരുദധാരികൾക്ക് നിലവിൽ അനുവദിച്ചിട്ടുള്ള 11 സംവരണ സീറ്റുകൾ ഒരു യൂണിറ്റ് ആയി കണക്കാക്കി പ്രസ്തുത സീറ്റുകളിലേയ്ക്ക് പൊതു പ്രവേശന പരീക്ഷയിൽ (NEET-UG) ഏറ്റവും ഉയർന്ന റാങ്ക് നേടുന്ന ഭാരതീയ ചികിത്സാ സമ്പ്രദായങ്ങളിൽ ഉൾപ്പെടുന്ന (ആയുഷ്) ആയുർവേദ/ഹോമിയോപ്പതി/ യുനാനി/സിദ്ധ ബിരുദധാരികൾക്ക് പ്രവേശനം നൽകുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. കൂടുതൽ സീറ്റുകൾ റിസർവ്വ് ചെയ്യുന്നത് മെരിറ്റ് വിഭാഗത്തിൽ നിന്നുള്ള കുട്ടികളെ ബാധിക്കുമെന്നതിനാൽ വിഷയം ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) | ഓരോ സർക്കാർ മെഡിക്കൽ കോളേജിലും ആയുഷ് വിഭാഗത്തിൽ നിന്നുള്ളവർക്കായ് കുറഞ്ഞത് രണ്ട് എം. ബി. ബി. എസ്. സീറ്റുകൾ അനുവദിക്കുന്നതിനും നിലവിൽ രണ്ട് സീറ്റുകൾ അനുവദിച്ചിരിക്കുന്ന സ്ഥാപനങ്ങളിൽ അത് മൂന്ന് സീറ്റുകളായി വർധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ; | (ബി) | സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലേയ്ക്കുള്ള എം.ബി.ബി.എസ് പ്രവേശനത്തിനുള്ള പ്രോസ്പെക്ടസ് (KEAM) വ്യവസ്ഥകൾ പ്രകാരം ആയുർവേദ, ഹോമിയോപ്പതി ബിരുദധാരികൾക്ക് നിലവിൽ അനുവദിച്ചിട്ടുള്ള 11 സംവരണ സീറ്റുകൾ ഒരു യൂണിറ്റ് ആയി കണക്കാക്കി പ്രസ്തുത സീറ്റുകളിലേയ്ക്ക് പൊതു പ്രവേശന പരീക്ഷയിൽ (NEET-UG) ഏറ്റവും ഉയർന്ന റാങ്ക് നേടുന്ന ഭാരതീയ ചികിത്സാ സമ്പ്രദായങ്ങളിൽ ഉൾപ്പെടുന്ന (ആയുഷ്) ആയുർവേദ/ഹോമിയോപ്പതി/ യുനാനി/സിദ്ധ ബിരുദധാരികൾക്ക് പ്രവേശനം നൽകുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. കൂടുതൽ സീറ്റുകൾ റിസർവ്വ് ചെയ്യുന്നത് മെരിറ്റ് വിഭാഗത്തിൽ നിന്നുള്ള കുട്ടികളെ ബാധിക്കുമെന്നതിനാൽ വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| (സി) | പുതുതായി ആരംഭിക്കുന്ന വയനാട്, കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജുകളിൽ ആയുഷ് വിഭാഗത്തിന് കുറഞ്ഞത് മൂന്ന് എം. ബി. ബി. എസ്. സീറ്റുകൾ വീതം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലേയ്ക്കുള്ള എം.ബി.ബി.എസ് പ്രവേശനത്തിനുള്ള പ്രോസ്പെക്ടസ് (KEAM) വ്യവസ്ഥകൾ പ്രകാരം ആയുർവേദ, ഹോമിയോപ്പതി ബിരുദധാരികൾക്ക് നിലവിൽ അനുവദിച്ചിട്ടുള്ള 11 സംവരണ സീറ്റുകൾ ഒരു യൂണിറ്റ് ആയി കണക്കാക്കി പ്രസ്തുത സീറ്റുകളിലേയ്ക്ക് പൊതു പ്രവേശന പരീക്ഷയിൽ (NEET-UG) ഏറ്റവും ഉയർന്ന റാങ്ക് നേടുന്ന ഭാരതീയ ചികിത്സാ സമ്പ്രദായങ്ങളിൽ ഉൾപ്പെടുന്ന (ആയുഷ്) ആയുർവേദ/ഹോമിയോപ്പതി/ യുനാനി/സിദ്ധ ബിരുദധാരികൾക്ക് പ്രവേശനം നൽകുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. കൂടുതൽ സീറ്റുകൾ റിസർവ്വ് ചെയ്യുന്നത് മെരിറ്റ് വിഭാഗത്തിൽ നിന്നുള്ള കുട്ടികളെ ബാധിക്കുമെന്നതിനാൽ വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ